(Pages : 4) **S – 6602**

**Reg. No. : ............................**

**Name : ................................**

## Third Semester M.A. Degree Examination, February 2024

## Malayalam Language and Literature

## ML 234 : മലയാള വിമർശനം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) സി.പി. അച്യുതമേനോന്റെ ഗ്രന്ഥനിരൂപണസവിശേഷതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) 'കണക്കിലേറെ ദോഷൈകദൃക്കായിട്ടാണ് അന്തപ്പായി വളർന്നത് എന്ന മുണ്ടശ്ശേരിയുടെ അഭിപ്രായത്തിനു കാരണമെന്ത്?

2. (a) നാടകാന്തം കവിത്വം എന്ന ആശയമാണ് മുണ്ടശ്ശേരിയുടെ നിരൂപണത്തിന്നടിസ്ഥാനം എന്നു പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) "വാദിച്ചു വാദിച്ച് സൗന്ദര്യബോധവും യുക്തിബോധവും തമ്മിൽ ഏതുമേ ഭേദമില്ല എന്നു വരെ മാരാർ പ്രസ്താവിക്കുന്നു" എന്ന അഭിപ്രായം വിശദമാക്കുക.

3. (a) ചണ്ഡാലഭിക്ഷുകിയുടെ മേന്മയ്ക്ക് കേസരി പറയുന്ന മൂന്നു കാരണങ്ങളേവ? വിവരിക്കുക.

അല്ലെങ്കിൽ

(b) ചെമ്മീൻ നിരൂപണത്തിൽ വേലുക്കുട്ടി അരയൻ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാം?

P.T.O.

4. (a) വിജയന്റെയും ആനന്ദിന്റെയും ഭാഷയെ കെ.പി. അപ്പൻ താരതമ്യം ചെയ്യുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) കെ.ജി. ശങ്കരപ്പിള്ളയുടെ കവിതയെ നരേന്ദ്രപ്രസാദ് വിലയിരുത്തുന്നതെങ്ങനെ? വിശദീകരിക്കുക.

5. (a) എം.എൻ. വിജയൻ വൈലോപ്പിള്ളിക്കവിതയെ അപഗ്രഥിക്കുന്നതെങ്ങനെ? വിശദമാക്കുക.

അല്ലെങ്കിൽ

(b) മരണമടഞ്ഞ രൂപങ്ങളാണ് ഒ.എൻ.വി.ക്കവിതയിലുടനീളം കാണുന്നത് - പ്രസന്നരാജന്റെ അഭിപ്രായം വിലയിരുത്തുക.

6. (a) 'ഹെറ്ററോറ്റോപ്പിയ' എന്ന സങ്കല്പത്തെ വി.സി. ശ്രീജൻ വിശദീകരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പി.പി. രവീന്ദ്രൻ അപനിർമ്മാണത്തെ സാഹിത്യവിമർശനവുമായി ബന്ധപ്പെടുത്തുന്നതെങ്ങനെ?

7. (a) വ്യക്തി - സമൂഹം, ഇടപെടലുകൾ സാമാന്യമായി മൂന്നു തരത്തിൽ സംഭവിക്കുന്നു എന്ന പി. ഗീതയുടെ പ്രസ്താവന വിശദമാക്കുക.

അല്ലെങ്കിൽ

(b) 'നീചമാമുടൽ' - എന്ന ലേഖനത്തിന്റെ ഉള്ളടക്കം സംഗ്രഹിക്കുക.

**($7 \times 3 = 21$ Marks)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) കേരളവർമ്മയുടെ നിലപാടുകളോടുള്ള വിയോജിപ്പാണ് സി.പി. അച്യുതമേനോൻ തന്റെ മാസികയിലൂടെ പ്രകടിപ്പിച്ചത് എന്ന അഭിപ്രായം ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) സാഹിത്യനിരൂപകൻ എന്ന നിലയിൽ ഏ.ആറിൽ കരിനിഴൽ വീഴ്ത്തുന്ന രണ്ട് അപവാദങ്ങളുണ്ട്. - വിശദമാക്കുക.

9. (a) മുണ്ടശ്ശേരി ഒരു സാംസ്കാരിക വിമർശകനാണ് എന്നു പറയുന്നതെന്തുകൊണ്ട്? വിശദമാക്കുക.

അല്ലെങ്കിൽ

(b) മലയാള നിരൂപണത്തിന് കേസരി നൽകിയ സംഭാവനകൾ എന്തെല്ലാം?

10. (a) യുക്തിബോധവും സൗന്ദര്യബോധവും എന്ന ലേഖനം മുന്നോട്ടുവയ്ക്കുന്ന ആശയമെന്ത്?

അല്ലെങ്കിൽ

(b) മനഃശാസ്ത്രനിരൂപകനെന്ന നിലയിൽ എം.എൻ. വിജയന്റെ സംഭാവനകളെന്തെല്ലാം? വിശദമാക്കുക.

11. (a) അസ്തിത്വവാദത്തിലെ ആശയകല്പനകൾ ഉപയോഗിച്ചുകൊണ്ടാണ് ആധുനിക വിമർശകർ നമ്മുടെ എഴുത്തുകാരെ വിലയിരുത്തിയത് എന്ന പ്രസ്താവന ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ഖണ്ഡനവിമർശനത്തെപ്പറ്റി വിവരിക്കുക.

12. (a) സാഹിത്യവിമർശനം അന്തർവൈജ്ഞാനികമാവുന്നു എന്നു പറയുന്നതെന്തുകൊണ്ട്? വിശദമാക്കുക.

അല്ലെങ്കിൽ

(b) ഇ.പി. രാജഗോപാലിന്റെ വിമർശന നിലപാടുകൾ വിവരിക്കുക.

**($5 \times 6$ = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) സാഹിത്യസംവാദങ്ങളും വാദപ്രതിവാദങ്ങളും മലയാളനിരൂപണത്തെ ബലപ്പെടുത്തിയിട്ടുണ്ടോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) വിദ്വാൻ സി.എസ്. നായർ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്നിവരുടെ വിമർശനരീതികളെപ്പറ്റി ഉപന്യസിക്കുക.

14. (a) മലയാളത്തിലെ അക്കാദമിക് നിരൂപണത്തിന്റെ സ്വഭാവവും ചരിത്രവും വിവരിക്കുക.

അല്ലെങ്കിൽ

(b) ആധുനിക വിമർശകർ എന്നറിയപ്പെട്ടവരുടെ വിമർശനരീതികളും സംഭാവനകളും വിശദമാക്കുക.

15. (a) മലയാളത്തിലെ മനഃശാസ്ത്രനിരൂപണത്തെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ഫെമിനിസ്റ്റ് നിരൂപണത്തിന്റെ ചരിത്രം വിശദമാക്കുക.

**(3 × 8 = 24 Marks)**